എസ്.എ ജലീൽ

# സുഹൃത്തെന്ന വഴികാട്ടി

عَنْ اِبْنِ عَبَّاس رَضِيَاللَّهُ عَنْهُمَا قَالَ: قِيلَ يَا رَسُولَ الله، أَيُّ جُلَسَائُنَا خَيْرٌ ؟
قَالَ:مَنْ ذَكَّرَكُمْ بِالله رُؤْيَتُهُ وَزَادَ فِي عِلْمِكُمْ مَنْطِقُهُ وَ ذَكَّرَكُمْ بِا لآخِرَةِ عَمَلُهُ

**ഇബ്നുഅബ്ബാസി(റ)ൽനിന്ന് നിവേദനം: നബി(സ)യോട് ആരോ ചോദിച്ചു: "ഞങ്ങളുടെ സുഹൃത്തുക്കളിൽ ഉത്തമൻ ആരാണ്?" നബി(സ) പറഞ്ഞു: "ഒരുവന്റെ നോട്ടം നിങ്ങളിൽ ദൈവസ്മരണ ഉണ്ടാക്കുന്നു, അവന്റെ സംസാരം നിങ്ങൾക്ക് അറിവ് നൽകുന്നു, അവന്റെ പ്രവൃത്തി നിങ്ങളിൽ പരലോക ചിന്ത ഉണ്ടാക്കുന്നു, എങ്കിൽ അവനാണ് ഉത്തമ സുഹൃത്ത്." (മുസ്നദ് അബൂയഅ്ല)**

നല്ല സുഹൃദ്ബന്ധങ്ങൾ ആഗ്രഹിക്കാത്തവരായി ആരുമുണ്ടാകില്ല. സുഹൃത്തിനെ തെരഞ്ഞെടുക്കാൻ പലരും പല മാനദണ്ഡങ്ങൾ സ്വീകരിക്കാറുണ്ട്. പരിചയപ്പെട്ട നാൾമുതൽ ജീവിതാവസാനം വരെ നന്മയിലും സന്തോഷത്തിലും സന്താപത്തിലും ഒരുമിക്കപ്പെട്ട സുഹൃദ്ബന്ധങ്ങളുണ്ട് പലർക്കും. സുഹൃദ്ബന്ധങ്ങൾ ജീവിതത്തിലെ പ്രതിസന്ധി ഘട്ടങ്ങളിൽ തണലായിത്തീരുന്നു ചിലപ്പോഴൊക്കെ. പ്രയാസവേളകളിൽ ആശ്വാസമായിത്തീരുന്ന, അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും മാർഗത്തിലുള്ള ബന്ധങ്ങൾക്കാണ് സത്യവിശ്വാസിയും മുൻഗണന നൽകേണ്ടത്. മുകളിലുദ്ധരിച്ച ഹദീസിൽ വിശ്വാസി സുഹൃത്തിനെ സ്വീകരിക്കാനുള്ള മാനദണ്ഡങ്ങൾ വിശദീകരിച്ചിരിക്കുന്നു തിരുനബി(സ). സുഹൃത്തിന്റെ ഓരോ നോക്കും സത്യവിശ്വാസിയിൽ അല്ലാഹുവിനെക്കുറിച്ച സ്മരണ അങ്കുരിപ്പിക്കണം. അവന്റെ വാക്ക് ഏതെങ്കിലും പുതിയ അറിവ് നൽകുന്നതാകണം. അവന്റെ പ്രവൃത്തി പരലോക സ്മരണ ഉണ്ടാകുന്നതാകണം. സുഹൃത്തിനുണ്ടാവേണ്ട ഗുണങ്ങൾ ഇത്ര മനോഹരമായി വിശദീകരിച്ച ഈ ഹദീസ് സത്യവിശ്വാസിക്ക് സുഹൃദ് ബന്ധങ്ങളുടെ കാര്യത്തിൽ പുതിയ വെളിച്ചം നൽകുന്നു.

അല്ലാഹുവിനും അവന്റെ റസൂലിനും വേണ്ടി ഒരുമിച്ച സുഹൃത്തുക്കൾക്കാണ് പരലോകത്ത് അല്ലാഹുവിന്റെ തണൽ ലഭിക്കുക. റസൂൽ(സ) അത്തരം തണൽ ലഭിക്കുന്ന ഏഴു വിഭാഗങ്ങളിലൊന്നിനെ വിവരിക്കുന്നതിങ്ങനെ: "അല്ലാഹുവിന്റെ മാർഗത്തിൽ സ്നേഹിതന്മാരായവർ. അല്ലാഹുവിന് വേണ്ടിയാണ് അവർ ഒരുമിച്ചത്. അവന് വേണ്ടിയാണ് പിരിഞ്ഞതും." ഇവ്വിധം സൂക്ഷ്മത പുലർത്തുന്ന സത്യവിശ്വാസികൾ വളരെ ചുരുക്കം. ഇത്തരം കാര്യങ്ങളിൽ കുറച്ചുകൂടി സൂക്ഷ്മത വേണമെന്ന ധ്വനിയോടെ റസൂൽ(സ) പറഞ്ഞു: "വ്യക്തി (തിരിച്ചറിയപ്പെടുന്നത്) അയാളുടെ സുഹൃത്തിന്റെ ദീനിലാണ്. അതിനാൽ സുഹൃത്തുക്കളെ തെരഞ്ഞെടുക്കുന്നതിൽ നിങ്ങൾ സൂക്ഷ്മത പുലർത്തണം."

നബി(സ) അദ്ദേഹത്തിന്റെ അനുചരർക്ക് സമുന്നത നേതാവ് മാത്രമായിരുന്നില്ല; സന്തത സഹചാരി കൂടിയായിരുന്നു. ആ വൈകാരികബന്ധം നബി(സ) പ്രകടിപ്പിക്കുകയും ചെയ്തു. "മുആദേ, ഞാൻ താങ്കളെ ഇഷ്ടപ്പെടുന്നു"വെന്ന് പറയുന്ന നബി(സ) അദ്ദേഹത്തോട് 'അല്ലാഹുവേ, നിനക്ക് നല്ല രീതിയിൽ ഇബാദത്ത് ചെയ്യാനും നിന്നെ സ്മരിക്കാനും നിന്നോട് നന്ദികാണിക്കാനും എന്നെ സഹായിക്കേണമേ' എന്ന പ്രാർഥന എല്ലാ നിർബന്ധ നമസ്കാരങ്ങൾക്കു ശേഷവും ശീലിക്കാൻ കൽപിക്കുന്നു. സുഹൃത്ത് നിങ്ങളിൽ ദൈവസ്മരണ ഉണ്ടാക്കണമെന്ന മേലുദ്ധരിച്ച ഹദീസിന്റെ വിവരണം നബി(സ)യിൽ എത്രമേൽ യോജിക്കുന്നുവെന്ന് ശ്രദ്ധിക്കുക.

നബി(സ)യും അബൂബക്റും(റ) തമ്മിലുണ്ടായിരുന്ന ബന്ധം ചരിത്രത്തിൽ ഏറ്റവും മികച്ച സുഹൃദ്ബന്ധത്തിന്റെ അതുല്യ മാതൃകയാക്കാവുന്നതാണ്. പ്രവാചകന്റെ ഓരോ ചലനവും വാക്കും നോക്കും നിരീക്ഷിച്ച് അദ്ദേഹത്തിന്റെ സംരക്ഷകനും കാവലാളുമായ ആ സ്വഹാബിവര്യൻ എല്ലാ നിലക്കും മാതൃകാ സുഹൃത്തായിരുന്നു.

പരസ്പരം ഗുണദോഷിക്കുന്നവരും നന്മകൊണ്ടും ക്ഷമകൊണ്ടും പരസ്പരം ഉപദേശിക്കുന്നവരുമായ സുഹൃത്തുക്കളായിരിക്കണം സത്യവിശ്വാസികൾ. ഒരുപമയിലൂടെ നബി(സ) അതിങ്ങനെ വിശദീകരിച്ചു: "ഒരു സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിയെ കണ്ടുമുട്ടുമ്പോൾ രണ്ട് കരങ്ങൾ പോലെയാണ്. ഒന്ന് മറ്റൊന്നിനെ ശുദ്ധീകരിക്കുന്നു. രണ്ടു സുഹൃത്തുക്കൾ കണ്ടുമുട്ടിയാൽ അവരിലൊരുവന് തന്റെ സുഹൃത്തിൽനിന്ന് എന്തെങ്കിലുമൊരു നന്മ അല്ലാഹു ഉളവാക്കാതിരിക്കില്ല."

സുഹൃദ് നെറ്റ്വർക്കുകളിലും അതല്ലാത്ത സംവിധാനങ്ങളിലും പലപ്പോഴും ഒതുങ്ങിപ്പോവുന്ന ബന്ധങ്ങൾക്ക് വെളിച്ചവും തെളിച്ചവും നൽകാൻ സത്യവിശ്വാസികൾക്ക് നബി(സ)യുടെ ഈ ഉപദേശം ഗുണം ചെയ്യട്ടെ. ■

*jaleelk3@gmail.com*